# പതിനൊന്നാം കേരള നിയമസഭ
## നാലാം സമ്മേളനം
2002 ആഗസ്റ്റ് 2-ാം തീയതി വെള്ളിയാഴ്ച
(ആകെ ചോദ്യങ്ങൾ -26)


**(784)** **സ്വർണ്ണപ്പണയ വായ്പ നൽകുന്ന വനിതാ സഹകരണ സംഘങ്ങൾ**
**(785)** **സഹകരണ ആർബിട്രേഷൻ കോടതി**
**(786)** **ഇൻഡസ്ട്രിയൽ റിലേഷൻ കമ്മിറ്റിയുടെ പുനഃസംഘടന**
**(787)** **അപ്രന്റീസ്ഷിപ്പ് പരിശീലനം നൽകുന്നതിനുള്ള ഫലപ്രദമായ സംവിധാനങ്ങൾ**
**(788)** **വൃദ്ധജനങ്ങളുടെ സംരക്ഷണത്തിന് നടപടി**
**(789)** **ലാഭത്തിൽ പ്രവർത്തിപ്പിക്കാമെന്ന് കണ്ടെത്തിയിട്ടുള്ള കെൽട്രോൺ യൂണിറ്റുകൾ**
**(790)** **സമഗ്ര സഹകരണ വികസന പദ്ധതി**
**(791)** **ദേശസാൽകൃത റൂട്ടുകളിലെ യാത്രാക്ളേശം**
**(792)** **മൽസ്യബന്ധന തുറമുഖങ്ങൾ ചരക്കു കൈകാര്യം ചെയ്യുന്ന തുഖമുഖങ്ങളാക്കാനുള്ള പ്രോജക്ട് റിപ്പോർട്ട്**
**(793)** **വ്യവസായരംഗത്തെ മൂലധന നിക്ഷേപത്തിനുള്ള സബ്സിഡി**
**(794)** **സോഫ്ട് വെയർ പകർത്തലിനെതിരെ നടപടി**
**(795)** **വനിതാ തൊഴിൽദാന പദ്ധതി പ്രകാരം വ്യവസായ സംരംഭകർക്ക് തൊഴിൽ പരിശീലനം**
**(796)** **സ്ലീപ്പർ എയർബസ്**
**(797)** **വനിതാ സഹകരണ സംഘങ്ങൾ**
**(798)** **വ്യാവസായിക വികസനത്തിൽ കേരളത്തിന്റെ സ്ഥാനം**
**(799)** **പ്രവർത്തനരഹിതമായി കിടക്കുന്ന പഞ്ചസാരമില്ലുകളുടെ പശ്ചാത്തല സൗകര്യങ്ങൾ പ്രയോജനപ്പെടുത്തി വിപുലമായ വ്യവസായങ്ങൾ ആരംഭിക്കാൻ നടപടി**
**(800)** **ദാരുശിൽപ്പ നിർമ്മാണത്തിന് പ്രോൽസാഹനം നൽകാൻ നടപടി**
**(801)** **സംസ്ഥാനതല-ജില്ലാതല പ്രവർത്തനപരിധിയുള്ള സഹകരണ സംഘങ്ങൾ**
**(802)** **സഹകരണ ജീവനക്കാരുടെ സ്വാശ്രയ പെൻഷൻ പദ്ധതി**
**(803)** **കേരള ചുമട്ടുതൊഴിലാളി ക്ഷേമനിധി ബിൽ**
**(804)** **ഓട്ടോറിക്ഷകളുടേയും ടാക്സികളുടേയും മിനിമം കൂലി**
**(805)** **ഐ.ടി. വ്യവസായങ്ങളുടെ വികസനം ത്വരിതപ്പെടുത്തുന്നതിന് നടപടി**
**(806)** **സംസ്ഥാന സഹകരണ ബാങ്കിൽ 'ഇന്റർനെറ്റ് ബാങ്കിംഗ്, ടെലി ബാങ്കിംഗ്, 24 അവർ ബാങ്കിംഗ്' എന്നിവ ആരംഭിക്കാൻ നടപടി**
**(807)** **സഹകരണ സ്ഥാപനങ്ങളിലെ പിഴപ്പലിശ സമ്പ്രദായം നിർത്തലാക്കാൻ നടപടി**
**(808)** **സഹകരണ സംഘങ്ങളിൽനിന്ന് വായ്പയെടുക്കുന്നതിനുള്ള ഓഹരി വായ്പാ അനുപാതം**
**(809)** **സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ പ്രവർത്തനം വിലയിരുത്തുന്നതിനുള്ള സംവിധാനം**


### സ്വർണ്ണപ്പണയ വായ്പ നൽകുന്ന വനിതാ സഹകരണ സംഘങ്ങൾ

784. ശ്രീ. വി. ബാലറാം :
ശ്രീ. എം. മുരളി :
ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ :
ശ്രീ. എഴുകോൺ നാരായണൻ :
ശ്രീ. എം. എ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരുപത്തിയഞ്ചു ലക്ഷത്തിൽ കൂടുതൽ രൂപ പ്രവർത്തന മൂലധനമുള്ള എത്ര വനിതാ സഹകരണ സ്ഥാപനങ്ങൾ സംസ്ഥാനത്തുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) സ്വർണ്ണപ്പണയ വായ്പ നൽകുന്നതിന് ഈ സംഘങ്ങളെ അനുവദിച്ചിട്ടുണ്ടോ;

(സി) സർണ്ണപ്പണയ വായ്പ നൽകുന്ന വനിതാ സംഘങ്ങളുടെ പ്രവർത്തന മൂലധനം ഇത്ര രൂപയായിരിക്കണമെന്ന് തീരുമാനിച്ചത് എന്ത് തത്വത്തിന്റെ അടിസ്ഥാനത്തിലാണ് എന്ന് വ്യക്തമാക്കുമോ;

(ഡി) സ്വർണ്ണപ്പണയ വായ്പ നൽകുന്ന വനിതാ സഹകരണ സംഘങ്ങളുടെ പ്രവർത്തന മൂലധനത്തിന്റെ പരിധി കുറയ്ക്കുവാൻ നടപടി സ്വീകരിക്കുമോ?

**ഉത്തരം**

**ശ്രീ. എം. വി. രാഘവൻ (സഹകരണ വകുപ്പുമന്ത്രി) :-**

(എ) 54 എണ്ണം.

(ബി) സ്വർണ്ണപ്പണയ വായ്പ പദ്ധതി ആരംഭിക്കുന്നതിന് അനുവാദത്തിന് അപേക്ഷിച്ച യോഗ്യതയുള്ള സംഘങ്ങളെ അനുവദിച്ചിട്ടുണ്ട്.

(സി) സാമ്പത്തിക ഭദ്രതയുള്ളതും മതിയായ സുരക്ഷിതത്വമുള്ള സംഘങ്ങളായിരിക്കണം സ്വർണ്ണപ്പണയ വായ്പ നൽകുന്നത് എന്ന തത്വത്തിന്റെ അടിസ്ഥാനത്തിലാണ് തീരുമാനിച്ചത്.

(ഡി) സംഘങ്ങൾ ആവശ്യപ്പെട്ടാൽ ഇക്കാര്യം പരിശോധിക്കുന്നതാണ്.

## സഹകരണ ആർബിട്രേഷൻ കോടതി

785. ശ്രീ. ബി. വിജയകുമാർ :

ശ്രീ. സി. പി. മുഹമ്മദ് :

ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ :

ശ്രീമതി രാധാ രാഘവൻ :

ശ്രീ. എ. പി. അനിൽകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ രംഗത്തെ പണസംബന്ധമല്ലാത്ത ആർബിട്രേഷൻ കേസുകൾക്ക് ഒരു കോടതി സ്ഥാപിക്കുവാൻ ഉദ്ദേശ്യമുണ്ടോ;

(ബി) എങ്കിൽ വിശദാംശം നൽകുമോ;

(സി) ആർബിട്രേഷൻ കോടതിയിൽ എത്തുന്ന പണസംബന്ധമായ കേസുകളിൻമേൽ തീരുമാനമെടുക്കുവാൻ എത്ര കാലം വേണ്ടിവരുമെന്ന് വെളിപ്പെടുത്തുമോ;

(ഡി) സഹകരണ ആർബിട്രേഷൻ കോടതിയിൽ ഇപ്പോൾ എത്ര കേസുണ്ട്;

(ഇ) ഇവയിൽ പണസംബന്ധമല്ലാത്ത എത്ര കേസുകളുണ്ട്?

**ഉത്തരം**

**ശ്രീ. എം. വി. രാഘവൻ (സഹകരണ വകുപ്പുമന്ത്രി) :-**

(എ) ഉണ്ട്.

(ബി) 1969 ലെ കേരള സഹകരണ സംഘം നിയമത്തിലെ വകുപ്പ് 69(1)(h) പ്രകാരം ധനസംബന്ധമല്ലാതത്ത തർക്കങ്ങളിൽ പെട്ടതാണെങ്കിൽ 70A വകുപ്പിൻ കീഴിൽ രൂപീകരിച്ചിട്ടുള്ള സഹകരണ ആർബിട്രേഷൻ കോടതിയ്ക്ക് റഫർ ചെയ്യുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. വകുപ്പ് 70A പ്രകാരം ആർബിട്രേഷൻ കോടതി സർക്കാർ രൂപീകരിക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ടി കോടതി രൂപീകരിക്കുന്ന കാര്യം സർക്കാറിന്റെ സജീവ പരിഗണനയിലാണ്. ടി കോടതിയുടെ പ്രിസൈഡിംഗ് ഓഫീസറെയും സെക്രട്ടറിയെയും സംബന്ധിച്ചുള്ള നിയമന കാര്യങ്ങൾ 1969-ലെ കേരള സഹകരണ സംഘം ചട്ടങ്ങളിലെ ചട്ടം 67(4)ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(സി) പണ സംബന്ധമായ കേസുകൾ ആർബിട്രേഷൻ കോടതിയുടെ പരിധിയിൽ വരുന്നില്ല.

(ഡി)യും (ഇ)യും സഹകരണ ആർബിട്രേഷൻ കോടതി നിലവിൽ വന്നിട്ടില്ലാത്തതിനാൽ ചോദ്യം ഉദിക്കുന്നില്ല.

## ഇൻഡസ്ട്രിയൽ റിലേഷൻ കമ്മിറ്റിയുടെ പുനഃസംഘടന

786. ശ്രീ. തോമസ് ചാഴികാടൻ :

ശ്രീ. കെ. നാരായണക്കുറുപ്പ് :

ശ്രീ. റോഷി അഗസ്റ്റിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻഡസ്ട്രിയൽ റിലേഷൻസ് കമ്മിറ്റി പുനഃസംഘടിപ്പിക്കാൻ സർക്കാർ ഉദ്ദേശുക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ;

(സി) തൊഴിലാളികൾക്ക് സാമ്പത്തികസഹായം നൽകാൻ വ്യവസായ, ധനകാര്യ വകുപ്പുകളുമായി ചർച്ച നടത്തിയിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ?

**<u>ഉത്തരം</u>**

**ശ്രീ. ബാബു ദിവാകരൻ (തൊഴിൽ വകുപ്പുമന്ത്രി) :-**

(എ) ഉണ്ട്.

(ബി) പ്ളാന്റേഷൻ ലേബർ കമ്മിറ്റി, കയർ വ്യവസായബന്ധസമിതി, ടെക്സറ്റയിൽ വ്യവസായബന്ധസമിതി എന്നി പുനഃസംഘടിപ്പിച്ചു കൊണ്ട് ഉത്തരവു പുറപ്പെടുവിച്ചു കഴിഞ്ഞു. കുട്ടനാട് കാർഷിക മേഖലാ വ്യവസായബന്ധസമിതി ടിംബർ, പ്ലൈവുഡ് മാച്ചസ് ആന്റ് സാമിൽ വ്യവസായബന്ധസമിതി എന്നിവയുടെ കാലാവധി അവസാനിച്ചിട്ടില്ല. ബാക്കിയുള്ള വ്യവസായബന്ധസമിതികൾ പുനഃസംഘടിപ്പിക്കന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

(സി) പൂട്ടിക്കിടക്കുന്ന കശുവണ്ടി ഫാക്ടറികൾ, മറ്റ് ഫാക്ടറികൾ, എസ്റ്റേറ്റുകൾ എന്നിവിടങ്ങളിലെ തൊഴിലാളികൾക്ക് ഓണത്തിനുമുൻപ് ധന സഹായം വിതരണം ചെയ്യുവാൻ സത്വര നടപടികൾ സ്വീകരിച്ചു വരുന്നു.

(ഡി) പൂട്ടികിടക്കുന്ന എസ്റ്റേറ്റുകളിലേയും ഫാക്ടറികളിലേയും തൊഴിലാളികൾക്ക് ഓണത്തിനോടനുബന്ധിച്ച് 1000/- രൂപ വീതവും പൂട്ടിക്കിടക്കുന്ന കശുവണ്ടി ഫാക്ടറികളിലെ തൊഴിലാളികൾക്ക് 200/- രൂപ വീതവും ധനസഹായം മുൻവർഷങ്ങളിൽ നൽകിയിയിട്ടുണ്ട്. ഈ വർഷവും ഇപ്രകാരം നൽകുന്നകാര്യം പരിഗണിച്ചുവരികയാണ്. കൂടാതെ കർഷക തൊളിലാളി പെൻഷൻ മുതലായ മറ്റാനുകൂല്യങ്ങളുടേയും ഒരു ഗഡു ഈ വരുന്ന ഓണത്തിന് മുൻപ് വിതരണം ചെയ്യുന്ന കാര്യവും പരിഗണിച്ചുവരുന്നു.

## <u>അപ്രന്റീസ്ഷിപ്പ് പരിശീലനം നൽകുന്നതിനുള്ള ഫലപ്രദമായ സംവിധാനങ്ങൾ</u>

787. ഡോക്ടർ തോമസ് ഐസക് :

ശ്രീ. മത്തായി ചാക്കോ :

ശ്രീ. വി. ചെന്താമരാക്ഷൻ :

ശ്രീ. പി. സി. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്ന് കോഴ്സ് പൂർത്തിയാക്കി പുറത്തിറങ്ങുന്നവർക്ക് അപ്രന്റീസ്ഷിപ്പ് പരിശീലനം നൽകുന്നതിനുള്ള സംവിധാനങ്ങൾ ഫലപ്രദമല്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രൊഫഷണൽ കോഴ്സ് പാസ്സാകുന്നവർക്ക് തൊഴിൽ തേടാനും, അപ്രന്റീസ്ഷിപ്പ് പരിശീലനത്തിന് സഹായിക്കുന്നതിനും നിലവിലുള്ള ഏജൻസികൾ ഏതൊക്കെയാണ്;

(സി) പ്രൊഫഷണൽ കോഴ്സുകൾ കഴിഞ്ഞ് പുറത്തിറങ്ങുന്നവരും കേരളത്തിലെ തൊഴിൽ സാദ്ധ്യതയും സംബന്ധിച്ച് താരതമ്യപഠനം സർക്കാർ നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

**<u>ഉത്തരം</u>**

**ശ്രീ. ബാബു ദിവാകരൻ (തൊഴിൽ വകുപ്പുമന്ത്രി) :-**

(എ) ഉണ്ട്. വ്യാവസായിക പരിശീലന വകുപ്പിനെ സംബന്ധിച്ചിടത്തോളം പരിശീലനം കൂടുതൽ ഫലപ്രദമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) വ്യാവസായിക പരിശീലന വകുപ്പിന്റെ കീഴിൽ ഐ.ടി.എ. കോഴ്സ് പൂർത്തിയാക്കുന്നവർക്ക് തൊഴിൽ നേടാനും അപ്രന്റീസ്ഷിപ്പ് പരിശീലനത്തിന് സഹായിക്കുന്നതിനും ഓരോ ജില്ലകളിലും ഓരോ റിലേറ്റഡ് ഇൻസ്ട്രാക്ഷൻ സെന്റർ പ്രവർത്തിക്കുന്നുണ്ട്. ഈ സെന്ററുകളിൽ പേര് രജിസ്റ്റർ ചെയ്യുന്നവരെ വിവിധ സ്ഥാപനങ്ങളിൽ അപ്രന്റീസ്ഷിപ്പ് പരിശീലനത്തിനായി അയക്കുന്നു. കൂടാതെ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ കീഴിൽ പ്രവർത്തിക്കുന്ന കളമശ്ശേരിയിലെ സൂപ്പർവൈസറി ഡെവലപ്പ്മെന്റ് സെന്റർ എൻജിനീയറിംഗ് ഡിഗ്രി, ഡിപ്ലോമ തലത്തിൽ അപ്രന്റീസ് പരിശീലനത്തിന് അവസരങ്ങൾ കണ്ടെത്താനും കണ്ടെത്തുന്ന വിവിധ

സ്ഥാപനങ്ങളിലേയ്ക്ക് ആവശ്യാനുസരണം ട്രെയിനികളെ തെരഞ്ഞെടുക്കുന്നതിനും സഹായിക്കുന്നു.

(സി) എൻജിനിയറിംഗ്, ഡിപ്ലോമ പാസ്സായവരെക്കുറിച്ച് സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് പഠനങ്ങളൊന്നും നടത്തിയിട്ടില്ല. എന്നാൽ നാഷണൽ ടെക്നിക്കൽ മാൻപൗവ്വർ ഇൻഫർമേഷൻ സിസ്റ്റത്തിന്റെ കേരളത്തിലെ നോഡൽ സെന്റർ ഇത് സംബന്ധിച്ച് നടത്തുന്ന പഠനങ്ങളിലേയ്ക്ക് ആവശ്യമായ വിവരങ്ങൾ നൽകി വരുന്നു. എന്നാൽ ഐ.ടി.ഐ./ഐ.ടി.സി.കളിൽ നിന്നും പാസ്സായി പുറത്തുവരുന്ന ട്രെയിനികൾക്ക് അപ്രന്റീസ് പരിശീലനം നൽകുന്നതിൽ കഴിഞ്ഞ രണ്ടു വർഷത്തെ പ്രവർത്തനം വിലയിരുത്തുകയുണ്ടായി. ജൂലൈ 2001–ൽ 730 സ്ഥാപനങ്ങളിൽ ആകെ 7087 സീററ്റുകൾ കണ്ടെത്തുകയും 5777 സീറ്റുകളിൽ അപ്രന്റീസുകളെ നിയോഗിക്കുകയും ചെയ്തു. 81.5% ഉപയോഗപ്പെടുത്തി. 2002 ജൂലൈ മാസത്തിൽ 682 സ്ഥാപനങ്ങളിൽ ആകെ 6995 സീറ്റുകൾ കണ്ടെത്തുകയും 6348 അപ്രന്റീസുകളെ നിയോഗിക്കുകയും ചെയ്ത് 90.75% ഉപയോഗപ്പെടുത്തിയിട്ടുണ്ട്.

## വൃദ്ധജനങ്ങളുടെ സംരക്ഷണത്തിന് നടപടി

788. ശ്രീ. ടി. പി. രാമകൃഷ്ണൻ:
ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ :
ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുംബ സംരക്ഷണം ലഭിക്കാത്ത വൃദ്ധരുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചുവരുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) രോഗികളും അശരണരുമായ അത്തരക്കാരെ സംരക്ഷിക്കുന്നതിന് എന്തെങ്കിലും പദ്ധതി നിലവിലുണ്ടോ; ഇല്ലെങ്കിൽ ഇതിനായി പ്രത്യേക പദ്ധതി ആവിഷ്ക്കരിച്ച് നടപ്പാക്കാൻ തയ്യാറാവുമോ;

(സി) വൃദ്ധസദനങ്ങളെന്ന പേരിൽ സമ്പന്നരെ മാത്രം ഉദ്ദേശിച്ചു പ്രവർത്തിക്കുന്ന സ്ഥപനങ്ങളെ നിയന്ത്രിക്കുന്നതിനും, ആ മേഖലയിലെ ചൂഷണം അവസാനിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ;

(ഡി) സാമൂഹക്ഷേമ വകുപ്പിന്റെ കീഴിൽ ഇപ്പോൾ വൃദ്ധസദനങ്ങൾ പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ഇ) സംസ്ഥാനത്തെ വൃദ്ധജനങ്ങളുടെ പ്രശ്നങ്ങളെക്കുറിച്ച് സർക്കാർ പഠനം നടത്തിയിട്ടുണ്ടോ;

(എഫ്) ഇല്ലെങ്കിൽ വൃദ്ധജനങ്ങൾ നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ച് പഠനം നടത്തി അവരെ സംരക്ഷിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

**ഉത്തരം**

**ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി) :-**

(എ) ഇന്ന് ഏറ്റവും പ്രസക്തിയുള്ള ഒരു സാമൂഹ്യ പ്രശ്നത്തെ നിലയിൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) അശരണരായ വൃദ്ധജനങ്ങളെ സംരക്ഷിക്കുന്നതിന് ഇപ്പോൾത്തന്നെ സംസ്ഥാനത്ത് സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ 13 വൃദ്ധസദനങ്ങളും, സന്നദ്ധ സംഘടനകൾ നടത്തുന്ന 82 വൃദ്ധസദനങ്ങളും പ്രവർത്തിക്കുന്നുണ്ട്. കൂടാതെ വൃദ്ധജനങ്ങൾക്കു വേണ്ടി തിരുവനന്തപുരത്തും, എറണാകുളത്തും കോഴിക്കോട്ടും മൂന്ന് പകൽ പരിപാലന കേന്ദ്രങ്ങൾ തുടങ്ങാൻ അനുവാദം നൽകിയിട്ടുണ്ട്.

(സി) സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടാൽ നടപടി സ്വീകരിക്കുന്നതാണ്.

(ഡി) ഉണ്ട്. ആലപ്പുഴ ജില്ല ഒഴിച്ച് മറ്റ് എല്ലാ ജില്ലകളിലും സാമൂഹ്യ ക്ഷേമ വകുപ്പിന്റെ കീഴിൽ വൃദ്ധസദനങ്ങൾ പ്രവർത്തിക്കുന്നു. വിശദ വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.

(ഇ) ആന്റ് (എഫ്) സാമൂഹ്യക്ഷേമ വകുപ്പ് പ്രത്യേക പഠനം നടത്തിയിട്ടില്ല. എന്നാൽ വൃദ്ധജനങ്ങളുടെ പ്രശ്നങ്ങളെ സർക്കാർ അതീവ ശുഷ്കാന്തിയോടുകൂടിയാണ് കാണുന്നത്. വൃദ്ധജനങ്ങളുടെ ക്ഷേമത്തിനും സംരക്ഷണത്തിനുമായി സംസ്ഥാനത്ത് ഒരു വൃദ്ധ നയം രൂപീകരിക്കുന്നതിന് സർക്കാർ സത്വര നടപടികൾ സ്വീകരിച്ചുവരുന്നു.

## ലാഭത്തിൽ പ്രവർത്തിപ്പിക്കാമെന്ന് കണ്ടെത്തിയിട്ടുള്ള കെൽട്രോൺ യൂണിറ്റുകൾ

789. ശ്രീ. പി. കെ. കെ. ബാവ :
ശ്രീ. പി. കെ. അബ്ദുറബ്ബ് :

ശ്രീ. സി. ടി. അഹമ്മദ് അലി :
ശ്രീ. കളത്തിൽ അബ്ദുള്ള :
ശ്രീ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഷ്ടത്തിൽ പ്രവർത്തിക്കുന്ന കെൽട്രോൺ യൂണിറ്റുകളിൽ ഏതെല്ലാം ലാഭത്തിൽ പ്രവർത്തിപ്പിക്കുവാൻ സാധിക്കുമെന്നതിനെ സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ;

(ബി) പ്രസ്തത യൂണിറ്റുകളുടെ പ്രവർത്തനം നഷ്ടത്തിലാകാൻ കാരണമെന്തെന്ന് വെളിപ്പെടുത്തുമോ;

(സി) ഏതെല്ലാം യൂണിറ്റുകളാണ് ലാഭത്തിൽ പ്രവർത്തിപ്പിക്കാമെന്ന് കണ്ടെത്തിയിട്ടുള്ളത്;

(ഡി) ഇതിനായി എന്തു തുക കൂടി മുടക്കേണ്ടി വരും; വിശദാംശം വ്യക്തമാക്കുമോ?

**ഉത്തരം**

**ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി) :-**

(എ) പഠനം നടത്തിയിട്ടുണ്ട്.

(ബി) പുതിയ സാങ്കേതിക വിദ്യ സ്വായത്തമാക്കാൻ സാധിക്കാതിരുന്നതും നവീന സമ്പദ്‌വ്യവസ്ഥയിലൂടെ ഉളവായ മാറ്റങ്ങളും, വിപണിയിലെ കടുത്ത മത്സരംമൂലം കമ്പനികളുടെ ശേഷിക്കനുസരണമായ ഓർഡർ ലഭിക്കാതിരുന്നതും വിദേശ നിർമ്മിത ഉൽപന്നങ്ങൾ യഥേഷ്ടം വിലകുറച്ച് വിറ്റഴിക്കുന്നതു മൂലവും പ്രവർത്തന മൂലധനത്തിന്റെ അഭാവവും അധികമായ പലിശഭാരവും, നൂതന സാങ്കേതിക വിദ്യക്കനുസരണമായി ഗുണനിലവാരമുള്ള മാനവശേഷിയുടെ കുറവും അധികമായ ഉല്പാദനതര ജീവനക്കാരും കമ്പനിയുടെ പ്രവർത്തനം നഷ്ടത്തിലാക്കാൻ കാരണമായി.

(സി) താഴെപ്പറയുന്ന യൂണിറ്റുകൾ ലാഭത്തിൽ പ്രവർത്തിപ്പിക്കാമെന്ന് കണ്ടെത്തിയിട്ടുള്ളത്.

1. കെ.എസ്.ഇ.ഡി.സി.
2. കെൽട്രോൺ കംപോണന്റ് കോംപ്ലക്സ് ലിമിറ്റഡ്
3. കെൽട്രോൺ മാഗ്നറ്റിക്സ് ലിമിറ്റഡ്
4. കെൽട്രോൺ റെസിസ്റ്റേഴ്സ് ലിമിറ്റഡ്, കണ്ണൂർ.
5. കെൽട്രോൺ കൗണ്ടേഴ്സ് ലിമിറ്റഡ് എന്നിവ സ്വകാര്യ രംഗത്ത് ലാഭത്തിലാക്കാൻ കഴിയുമെന്ന് എന്റർപ്രൈസസ് റിഫോംസ് കമ്മിറ്റി കണ്ടെത്തിയിട്ടുണ്ട്.

(ഡി) ഇ.ആർ.ഡി.യുടെ പഠനത്തിന് ശേഷം മാത്രമേ എന്ത് തുക മുടക്കേണ്ടി വരുമെന്ന് വ്യക്തമാക്കാൻ കഴിയു. എന്നാൽ പ്രരംഭ പഠനപ്രകാരം കെ.എസ്.ഇ.ഡി.സി. ക്ക് 116 കോടി രൂപയും, കെ.സി.സി.എൽ.ന് 7.3 കോടിരൂപയും, കെ.എം.എൽ.ന് 21 ലക്ഷം രൂപയും, ഒ.റ്റി.എസ്. വഴി പഴയ കടങ്ങൾ അടച്ചുതീർക്കാൻ ആവശ്യമാണ്.

## സമഗ്ര സഹകരണ വികസന പദ്ധതി

790. ശ്രീ. ജോർജ് ജെ. മാത്യു:
ശ്രീ. ഇ. എം. അഗസ്തി :
ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ :
ശ്രീ. കെ. സി. ജോസഫ് :
പ്രൊഫസർ എ. ഡി. മുസ്തഫ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സമഗ്ര സഹകരണ വികസന പദ്ധതി നടപ്പാക്കുന്നുണ്ടോ;

(ബി) ഈ പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(സി) ഈ പദ്ധതി നടപ്പാക്കുന്നതിന് കോ-ഓപ്പറേറ്റീവ് ഫെഡറേഷനോ നബാർഡോ എന്തെങ്കിലും പ്രത്യേക ധനസഹായം നൽകുമോ;

(ഡി) ഏതെല്ലാം ജില്ലകളിലാണ് ഈ പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്താക്കുമോ?

**ഉത്തരം**

**ശ്രീ. എം. വി. രാഘവൻ (സഹകരണ വകുപ്പുമന്ത്രി) :-**

(എ) ഉണ്ട്.

(ബി) സംസ്ഥാനത്തിന്റെ സമഗ്ര വികസനം മുൻനിർത്തി നാഷണൽ കോപ്പറേറ്റീവ് ഡവലപ്പ്മെന്റ് കോർപ്പറേഷൻ സംസ്ഥാന സർക്കാറിന്റെ സഹകരണത്തോടുകൂടി

സഹകരണ മേഖലയിൽ ആവിഷ്കരിച്ചു നടപ്പിലാക്കുന്ന പദ്ധതിയാണ്. സംയോജിത സഹകരണ മേഖലകൾക്കുമാണ് ഈ പദ്ധതിയിൽ പ്രാമുഖ്യം നൽകിയിട്ടുള്ളത്. കാർഷികോൽപാദനം വർദ്ധിപ്പിക്കുക, വിപണനമേഖല ശക്തമാക്കുക, സഹകരണ മേഖലയിൽ സംസ്ക്കരണ യൂണിറ്റുകൾ സ്ഥാപിക്കുക, കൺസ്യൂമർ മേഖല ശക്തിപ്പെടുത്തുക, സഹകരണ സംഘങ്ങളുടെ പ്രവർത്തന മൂലധനം വർദ്ധിപ്പിക്കുക, സംഘങ്ങളുടെ ആന്തരിക ഘടനാസംവിധനങ്ങൾ മെച്ചപ്പെടുത്തുക, മാനവിഭവശേഷി വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി സഹകരണ മേഖലയിൽ പ്രവർത്തിക്കുന്നവർക്കും പരിശീലന/ബോധവൽക്കരണ പരിപാടികൾ നടപ്പിലാക്കുക എന്നിവയാണ് ഈ പദ്ധതിയുടെ പ്രധാന ഉദ്ദേശലക്ഷ്യങ്ങൾ.

(സി) ഇല്ല. എൻ.സി.ഡി.ബി. യുടെ യും സംസ്ഥാന സർക്കാരിന്റെയും മാത്രം ധനസഹായത്തോടുകൂടിയാണ് പദ്ധതി നടപ്പിലാക്കുന്നത്.

(ഡി) കൊല്ലം, ആലപ്പുഴ, എറണാകുളം, കോഴിക്കോട്, തിരുവനന്തപുരം എന്നീ ജില്ലകളിലാണ് ഈ പദ്ധതി നടപ്പിലാക്കാനുദ്ദേശിക്കുന്നത്. ഇതിനുള്ള നടപടികൾ കൈക്കൊണ്ടു വരുന്നു. തിരുവനന്തപുരം ജില്ലയിൽ പദ്ധതി നടപ്പിലാക്കുന്നതിന്റെ പ്രാഥമിക നടപടി ക്രമങ്ങൾ പൂർത്തിയായി വരുന്നതേയുള്ളു.

## ദേശസാൽകൃത റൂട്ടുകളിലെ യാത്രാക്ളേശം

791. ശ്രീ. ബിനോയ് വിശ്വം :

ശ്രീ. പി. നാരായണൻ :

ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ് ഒരു വർഷക്കാലത്തിനിടയിൽ സംസ്ഥാനത്ത് ബസ് റൂട്ടുകൾ ദേശസാൽകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര റൂട്ടുകൾ; ഏതെല്ലാം;

(ബി) ഇതുമൂലം എത്ര സ്വകാര്യ ബസ്സുകളുടെ പെർമിററുകൾ റദ്ദാക്കേണ്ടി വന്നിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ദേശസാൽകൃത റൂട്ടുകളിലെ യാത്രാക്ളേശം രൂക്ഷമായിരിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അത് പരിഹരിക്കുന്നതിന് ഈ ഗവൺമെന്റ് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

**ഉത്തരം**

**ശ്രീ. കെ. ബി. ഗണേഷ്കുമാർ (ഗതാഗത വകുപ്പുമന്ത്രി) :-**

(എ) കഴിഞ്ഞ വർഷം റൂട്ടിൾ ഒന്നും ദേശസാൽക്കരിച്ചിട്ടില്ല. എന്നാൽ എറണാകുളം-ഗുരുവായൂർ, എറണാകുളം-നോർത്ത് പറവൂർ എന്നീ റൂട്ടുകൾ ദേശസാൽക്കരിക്കുന്നതിനുള്ള പ്രാഥമിക കരട് സ്കീം സംബന്ധിച്ചുള്ള വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) ചോദ്യം ഉദിക്കുന്നില്ല.

(സി) ഉണ്ട്.

(ഡി) ദേശസാൽകൃത റൂട്ടുകളിൽ കൂടുതൽ ട്രിപ്പുകൾ ഓടിക്കാൻ കെ.എസ്.ആർ.ടി.സി. നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

## മൽസ്യബന്ധന തുറമുഖങ്ങൾ ചരക്കു കൈകാര്യം ചെയ്യുന്ന തുഖമുഖങ്ങളാക്കാനുള്ള പ്രോജക്ട് റിപ്പോർട്ട്

792. ശ്രീ. ടി.വി. ചന്ദ്രമോഹൻ :

ശ്രീ. കെ. മുഹമ്മദാലി :

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൽസ്യബന്ധന തുറമുഖങ്ങൾ ചരക്കു കൈകാര്യം ചെയ്യുന്ന തുറമുഖങ്ങളാക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) അതിനുള്ള പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയോ;

(സി) ഒരു മൽസ്യബന്ധന തുറമുഖം ചരക്കു കൈകാര്യം ചെയ്യുന്ന തുറമുഖമാക്കുന്നതിന് എന്തെല്ലാം അധിക സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതായി വരും എന്ന് വ്യക്തമാക്കുമോ?

**ഉത്തരം**

**ശ്രീ. എം. വി. രാഘവൻ (സഹകരണ വകുപ്പുമന്ത്രി) :-**

(എ) ഇല്ല.

(ബി) പ്രസക്തമല്ല.

(സി) മൽസ്യബന്ധന തുഖമുഖങ്ങൾ ചരക്ക് കൈകാര്യം ചെയ്യുന്ന തുറമുഖമാക്കി മാറ്റുന്നതിന് ആദ്യമായി ടി സ്ഥലം 1908 ലെ ഇൻഡ്യൻ പോർട്ട് ആക്റ്റ് പ്രകാരം തുറമുഖമായി സംസ്ഥാന ഗവൺമെന്റ് പ്രഖ്യാപിക്കണം. ചരക്ക് കൈകാര്യം ചെയ്യുന്നതിന് മുന്നോടിയായി കസ്റ്റംസ് ആക്റ്റിന്റെ കീഴിൽ ഇത് കസ്റ്റംസ് പോർട്ടായി കേന്ദ്ര സർക്കാർ പ്രഖ്യാപിക്കുകയും കസ്റ്റംസ് സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ചെയ്യണം. തുറമുഖത്ത് കൈകാര്യം ചെയ്യാൻ ഉദ്ദേശിക്കുന്ന കപ്പലുകളെ ആസ്പദാക്കി വാർഫ് പണിയുക, കപ്പൽചാലിന്റെ ആഴം കൂട്ടുക, ക്രെയിൻ ഗോഡൗൺ സൗകര്യങ്ങൾ ഏർപ്പെടുത്തുക, പോർട്ടാഫീസ പ്രവർത്തിപ്പിക്കുക അനുബന്ധ സൗകര്യങ്ങൾ ഒരുക്കുക.

## വ്യവസായരംഗത്തെ മൂലധന നിക്ഷേപത്തിനുള്ള സബ്സിഡി

793. ശ്രീമതി. പി.കെ. ശ്രീമതി ടീച്ചർ:

ശ്രീ. കെ.പി. സതീശ് ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്ത് വ്യവസായരംഗത്ത് മൂലധനനിക്ഷേപത്തിന് സബ്സിഡി നൽകിവരുന്നുണ്ടോ;

(ബി) എങ്കിൽ ഈ പദ്ധതിയെക്കുറിച്ച് വിശദമാക്കാമോ;

(സി) 2002 മേയ് 31 വരെ മൂലധന നിക്ഷേപ സബ്സിഡിയിനത്തിൽ എത്ര വ്യവസായ യൂണിറ്റുകൾക്ക്, എന്തു തുക കുടിശ്ശിക ആയി നൽകാനുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) ഈ വർഷത്തെ ബഡ്ജറ്റിൽ മൂലധന നിക്ഷേപ സബ്സിഡി ഇനത്തിൽ വകയിരുത്തിയ തുക അതിന് പര്യാപ്തമാണോ; എന്തു തുക വകയിരുത്തുകയുണ്ടായി;

(ഇ) മൂലധന സബ്സിഡി നിർത്തലാക്കാനുള്ള എന്തെങ്കിലും നിർദ്ദേശങ്ങൾ സർക്കാരിന് ലഭിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

**ഉത്തരം**

**ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി):-**

(എ) ഉണ്ട്.

(ബി) സംസ്ഥാനത്ത് വ്യവസായമേഖലയിൽ കൂടുതൽ മൂലധനനിക്ഷേപം ആകർഷിക്കുവാനായി സംസ്ഥാന സർക്കാർ നടപ്പിലാക്കി വരുന്ന പദ്ധതിയാണിത്. നെഗറ്റീവ് ലിസ്റ്റിൽപ്പെടാത്ത ടൈനി ഉൾപ്പെടെയുള്ള ചെറുകിട-വൻകിട-ഇടത്തരം വ്യവസായങ്ങൾക്ക് ഇതിനർഹതയുണ്ട്. മൊത്തം മൂലധന നിക്ഷേപത്തിന്റെ 10% പരമാവധി 5 ലക്ഷം രൂപ വരെ ഒരു സാധാരണ വ്യവസായ യൂണിറ്റിന് സബ്സിഡിയായി ലഭിക്കും. ഊന്നൽ വ്യവസായ മേഖലയിൽപ്പെട്ട യൂണിറ്റുകൾക്ക് മൂലധനനിക്ഷേപത്തിന്റെ 15% പരമാവധി 15 ലക്ഷം രൂപ വരെ സബ്സിഡി ലഭ്യമാണ്. വിവരസാങ്കേതിക വ്യവസായങ്ങൾക്ക് 20% പരമാവധി 25 ലക്ഷം രൂപവരെ സബ്സിഡി നൽകുന്നതാണ്. ഇടുക്കി, വയനാട് ജില്ലകളിലും കൂടാതെ സർക്കാർ അംഗീകരിച്ച വ്യവസായ വളർച്ചാകേന്ദ്രങ്ങൾ, വ്യവസായ പാർക്കുകൾ തുടങ്ങിയ പ്രദേശങ്ങളിലെ വ്യവസായ യൂണിറ്റുകൾക്ക് സ്ഥിര മൂലധനത്തിന്റെ 10% പരമാവധി 10 ലക്ഷം രൂപ വരെ സബ്സിഡിയായി നൽകുന്നു. മേൽപടി പ്രദേശങ്ങളിലെ ത്രസ്റ്റ് സെക്ടർ വ്യവസായങ്ങൾക്ക് 25% പരമാവധി 25 ലക്ഷം രൂപ വരെ സബ്സിഡി ലഭിക്കുന്നതാണ്. വിപുലീകരണം, വൈവിധ്യവൽക്കരണം, നവീകരണം ഇവയ്ക്കുവേണ്ടി നിക്ഷേപം നടത്തുന്ന എല്ലാ വ്യവസായ യൂണിറ്റുകൾക്കും അവർ നടത്തുന്ന അധിക നിക്ഷേപത്തിന് മുകളിൽ പറഞ്ഞ നിരക്കിലും വ്യവസ്ഥയിലും നിക്ഷേപ സബ്സിഡി ലഭിക്കുന്നതാണ്. മലിനീകരണ നിയന്ത്രണത്തിനുള്ള മെഷീനുകൾ സ്ഥാപിക്കുന്നവർക്ക് 15% സബ്സിഡി പരമാവധി 5 ലക്ഷം രൂപവരെ ലഭിക്കുന്നു.

(സി) 1145 യൂണിറ്റുകൾക്ക് 13.62 കോടിയോളം തുക മൂലധന നിക്ഷേപസബ്സിഡി ഇനത്തിൽ നൽകാനുണ്ട്. ഇവ കൊടുത്തുതീർക്കുവാനുള്ള സത്വര നടപടികൾ ആരംഭിച്ചു കഴിഞ്ഞു.

(ഡി) ഈ വർഷത്തെ ബഡ്ജറ്റിൽ ചെറുകിട വ്യവസായത്തിന് മൂലധന നിക്ഷേപസബ്സിഡി ഇനത്തിൽ 17.50 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇത് കുടിശ്ശിക

കൊടുത്ത് തീർക്കാൻ പര്യാപ്തമാണ്. കൂടാതെ വൻകിട/ഇടത്തരം വ്യവസായങ്ങൾക്ക് 6 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്.

(ഇ) ഇത്തരത്തിലുള്ള നിർദ്ദേശങ്ങൾ ഒന്നും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## സോഫ്ട് വെയർ പകർത്തലിനെതിരെ നടപടി

794. ശ്രീ. ടി.എച്ച്. മുസ്തഫ:
ശ്രീ. പി.ജെ. ജോയി:
ശ്രീ. കെ. എ. ചന്ദ്രൻ:
ശ്രീ. വി.ഡി. സതീശൻ:
ശ്രീ. പി.ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്ത് സോഫ്ട് വെയർ പകർത്തൽ കുറ്റകരമാക്കിയിട്ടുണ്ടോ;

(ബി) നാഷണൽ അസോസിയേഷൻ ഓഫ് സോഫ്ട് വെയർ ആൻഡ് സർവ്വീസസ്, സോഫ്ട് വെയർപകർത്തൽ വിലക്കിയിട്ടുണ്ടോ;

(സി) സംസ്ഥാനത്ത് പല ചെറുകിട കമ്പ്യൂട്ടർ സ്ഥാപനങ്ങളും ഇതേതുടർന്ന് ബുദ്ധിമുട്ടിലായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന്റെ അടിസ്ഥാനത്തിൽ അവർക്ക് സാമ്പത്തിക സഹായം നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ?

**ഉത്തരം**

**ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി):-**

(എ) ഇൻഡ്യൻ കോപ്പിറൈറ്റ് ആക്ട് പ്രകാരം സോഫ്ററ് വെയർ പകർത്തൽ കുറ്റകരമാക്കിയിട്ടുണ്ട്. ഇത് കേരളത്തിലും ബാധകമാണ്.

(ബി) ഉണ്ട്.

(സി) ഉണ്ട്. എന്നാൽ ഇതിന്റെ അടിസ്ഥാനത്തിൽ സാംപത്തിക സഹായം നൽകുന്ന കാര്യം പരിഗണനയിലില്ല.

## വനിതാ തൊഴിൽദാന പദ്ധതി പ്രകാരം വ്യവസായ സംരംഭകർക്ക് തൊഴിൽ പരിശീലനം

795. ശ്രീ. പി. ജയരാജൻ:
ശ്രീ. പി.സി. ജോർജ്:
ശ്രീ. കെ.വി. കുഞ്ഞിരാമൻ:
ശ്രീ. ടി.കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ;

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വനിതകൾക്ക് തൊഴിൽ നൽകുന്നതിനായി എന്തെങ്കിലും പദ്ധതിക്ക് തുടക്കമിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ;

(സി) വനിതകൾക്ക് തൊഴിൽ നൽകുന്ന പ്രസ്തുത പദ്ധതിയിൽ ഏതെല്ലാം വ്യവസായ മേഖലകളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്;

(ഡി) വനിതാ തൊഴിൽദാന പദ്ധതി പ്രകാരം വ്യവസായ സംരംഭകർക്ക് തൊഴിൽ പരിശീലനം നൽകാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഏതെല്ലാം മേഖലകളിലാണ് തൊഴിൽ പരിശീലനം നൽകുന്നതെന്ന് വെളിപ്പെടുത്തുമോ;

(ഇ) വനിതകളുടെ തൊഴിലില്ലായ്യ്ക്ക് പരിഹാരം കാണുന്നതിന് സർക്കാർ പ്രത്യേക പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

**ഉത്തരം**

**ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി):-**

(എ) ഉണ്ട്.

(ബി) വ്യവസായ വകുപ്പിൽ നിലവിലുള്ള വനിതാ വ്യവസായ പദ്ധതിയിൽ വനിതകളുടെ ഉടമസ്ഥതയിലുള്ളതും വനിതകളാൽ നടത്തപ്പെടുന്നതും 80% കുറയാത്ത വനിതാ ജോലിക്കാരുള്ളതുമായ സ്ഥാപനങ്ങളെയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. മെഷീനറികളുടെ വിലയുടെ 50% പരമാവധി 75,000/- രൂപ വരെ യന്ത്രസാമഗ്രികളുടെ ഗ്രാന്റായും കെട്ടിട നിർമ്മാണചെലവിന്റെ 50% പരമാവധി 50,000/- രൂപ വരെ കെട്ടിട നിർമ്മാണ ഗ്രാന്റായും നൽകുന്നു. കൂടാതെ കെട്ടിട വാടക ഗ്രാന്റ്, കയർ പർച്ചേസ് കെട്ടിടങ്ങൾക്കുള്ള ഗ്രാന്റ്, എന്നീ ആനുകൂല്യങ്ങളും നൽകുന്നുണ്ട്.

ദേശീയ പിന്നോക്ക വിഭാഗം വികസന കോർപ്പറേഷന്റെയും ദേശീയ ന്യൂനപക്ഷ വികസന കോർപ്പറേഷന്റെയും സഹായത്തോടുകൂടി പിന്നോക്ക വിഭാഗത്തിൽപ്പെട്ടവരും ന്യൂനപക്ഷസമുദായാംഗങ്ങളുമായ വനിതകൾക്ക് വനിതാ വികസന കോർപ്പറേഷന്റെ

സ്വയം തൊഴിൽ പദ്ധതി അനുസരിച്ച് സ്വയം തോഴിൽ പദ്ധതി അനുസരിച്ച് വായ്പ നൽകി വരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ദേശീയ പട്ടികജാതി പട്ടികവർഗ്ഗകോർപ്പറേഷന്റേയും ദേശീയ വികലാംഗകോർപ്പറേഷന്റെയും സഹായത്തോടുകൂടി പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വനിതകൾക്കും വികലാംഗരായ വനിതകൾക്കും വായ്പ അനുവദിക്കുന്നതിനുള്ള നടപടി എടുത്തു വരുന്നു. കമ്പ്യൂട്ടർ രംഗത്ത് ബിരുദ-ബിരുദാനന്തരബിരുദ യോഗ്യതകളുള്ള വനിതകളെ സംഘടിപ്പിച്ച് ജില്ലാ നയത്തിൽ സഹകരണ സംഘങ്ങൾ സ്ഥാപിച്ച് സ്വയംതൊഴിൽ കണ്ടെത്തുന്ന ഒരു പദ്ധതിക്കും സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ രൂപം നൽകിയിട്ടുണ്ട്.

(സി) ചെറുകിട വ്യവസായമായി രജിസ്റ്റർ ചെയ്യാവുന്ന നെഗറ്റീവ് ലിസ്റ്റിൽപ്പെടാത്ത എല്ലാ വനിതാ വ്യവസായങ്ങൾക്കും വനിതാ വ്യവസായ പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്നതാണ്.

ദേശീയ കോർപ്പറേഷനുകളുടെ നിർദ്ദേശാനുസരണം കൃഷിയും അനുബന്ധ പ്രവർത്തനങ്ങളും, ചെറുകിട വ്യവസായങ്ങൾ, സേവന മേഖല, ഗതാഗത മേഖല, വിദ്യാഭ്യാസം എന്നീ സെക്ടറുകൾക്ക് സ്വയം തൊഴിൽ വായ്പ നൽകുന്നുണ്ട്.

(ഡി) വനിതാ വ്യവസായ പദ്ധതി പ്രകാരം വനിതകൾക്ക് സംരംഭകത്വ വികസ പരിശീലനം നൽകുന്നുണ്ട്. ടി പരിശീലനം ലഭിച്ചുകഴിഞ്ഞാൽ ഏതു മേഖലയിലും വ്യവസായം ആരംഭിക്കുവാൻ സംരംഭകർക്ക് കഴിയുന്നതാണ്.

കൂടാതെ വനിതാ വികസകോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ കേന്ദ്രസർക്കാർ സഹായത്തോടുകൂടി താഴെ പറയുന്ന ഉൽപാദന/സേവന മേഖലകളിൽ തൊഴിൽ പരിശീലനങ്ങൾ നടത്തുന്നുണ്ട്.

നോട്ട്ബുക്ക്, റെക്സിൻ ബാഗ്, പ്ലാസ്റ്റിക്, സ്റ്റേഷനറി, ആർമെന്റ് മേക്കിംഗ്, ഫുഡ് പ്രോസസിംഗ്, ഇലക്ട്രോണിക് ഹോം അപ്ലെയൻസസ് സർവ്വീസിംഗ്, സ്കൂട്ടർ റിപ്പയറിംഗ് മാഴ്സിയേഴ്സ്, കമ്പ്യൂട്ടർ ഓഫ്സെറ്റ് പ്രിന്റിംഗ്, ടെലഫോൺ റിപ്പയിറിംഗ്/വാട്ടർ മീറ്റർ റിപ്പയറിംഗ്, ഹോം നഴ്സിംഗ്.

(ഇ) നിലവിലുള്ള പദ്ധതികളിലുടെ പരിഹാരം കാണുന്നുണ്ട്. പുതിയ പദ്ധതി ആവിഷ്ക്കരിച്ചുവരുന്നു. ഇപ്പോൾ പ്രരംഭ ദിശയിലാണ്. കൂടാതെ സ്വയംതൊഴിൽ സംരംഭകർക്ക് തങ്ങളുടെ ഉൽപന്നങ്ങൾ വിററഴിക്കുന്നതിന് സൗകര്യപ്പെടുന്ന തരത്തിൽ വനിതാ മാർക്കററിംഗ് സെന്ററുകൾ സംസ്ഥാനത്തിന്റെ പല ഭാഗത്തും നടപ്പിലാക്കി വരുന്നു.

## <u>സ്ലീപ്പർ എയർബസ്</u>

796. ശ്രീ. തോമസ് ഉണ്ണിയാടൻ:

ശ്രീ. ജോസഫ് എം. പുതുശ്ശേരി:

ശ്രീ. മാമ്മൻ മത്തായി:

ശ്രീ. സ്റ്റീഫൻ ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ;

(എ) കെ.എസ്.ആർ.ടി.സി.യുടെ ആഭിമുഖ്യത്തിൽ അന്തർ സംസ്ഥാന റൂട്ടുകളിൽ ദീർഘദൂര റൂട്ടുകളിലും ദീർഘദൂരസർവ്വീസുകളും സ്ലീപ്പർ എയർ ബസ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) മറ്റ് സംസ്ഥാനങ്ങളിലെ ട്രാൻസ്പോർട്ട് കോർപ്പറേഷനുകൾ വിജയകരമായി എയർബസ്സുകളും സ്ലീപ്പർ എയർബസ്സുകളും ഓടിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇത് കേരളത്തിലും പ്രാവർത്തികമാക്കാൻ തയ്യാറാകുമോ?

<u>**ഉത്തരം**</u>

**ശ്രീ. കെ.ബി. ഗണേഷ്കുമാർ (ഗതാഗത വകുപ്പു മന്ത്രി):-**

(എ)ആറു സെമി സ്ലീപ്പർ ബസ്സുകൾ അടുത്തുതന്നെ ഓടിക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

(ബി) തൃശ്ശൂർ-ബാംഗ്ലൂർ, കണ്ണൂർ-ബാംഗ്ലൂർ, കോഴിക്കോട്-ബാംഗ്ലൂർ എന്നീ റൂട്ടുകളിൽ സെമി സ്ലീപ്പർ ബസ്സുകൾ ഓടിക്കാൻ ഉദ്ദേശിക്കുന്നു. ആഗസ്റ്റ് മാസത്തോടെ ബസ്സുകൾ ഇറക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

(ബി) ഉണ്ട്.

(സി) പടിപടിയായി കേരളത്തിലും ഇത്തരം ബസ്സുകൾ ഓടിക്കാൻ പരിപാടിയുണ്ട്. 2 എയർ സസ്പെൻഷൻ, എയർ കണ്ടീഷന്റ് വോൾവോ ലക്ഷ്വറി ബസ്സുകൾ സെപ്റ്റംബറിൽ സർവ്വീസ് തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ട്. ഇപ്പോൾതന്നെ 5 എയർ ബസുകൾ കോട്ടയം-ബാംഗ്ലൂർ, തിരുവനന്തപുരം-കോഴിക്കോട് റൂട്ടുകളിൽ ഓടുന്നുണ്ട്.

## വനിതാ സഹകരണ സംഘങ്ങൾ

797. ശ്രീ. എ.കെ. മണി:
ശ്രീ. കെ.എ. ചന്ദ്രൻ:
ശ്രീ. പി.ടി. തോമസ്:
ശ്രീ. ടി.എച്ച്. മുസ്തഫ:
ശ്രീ. അടൂർ പ്രകാശ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്ത് ആകെ എത്ര വനിതാ സഹകരണ സംഘങ്ങൾ ഉണ്ട്;

(ബി) ഇവയുടെ പ്രവർത്തനം വിപുലീകരിക്കാൻ ഉദ്ദേശമുണ്ടോ;

(സി) ഉണ്ടെങ്കിൽ പ്രസ്തുത ഉദ്ദേശ്യം സക്ഷാത്ക്കരിക്കാൻ എന്തെല്ലാം ചെയ്യാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ;

(ഡി) ഇത് എന്നത്തേക്ക് സാക്ഷാത്ക്കരിക്കുവാൻ കഴിയും എന്ന് വ്യക്തമാക്കുമോ?

**ഉത്തരം**

**ശ്രീ. എം.വി. രാഘവൻ (സഹകരണ വകുപ്പു മന്ത്രി):-**

(എ) 595 എണ്ണം

(ബി) ഉദ്ദേശ്യമുണ്ട്.

(സി) കേരളത്തിലെ വനിതാ സഹകരണ സംഘങ്ങളെക്കുറിച്ച് പഠിച്ച് അവയുടെ പ്രവർത്തനം മെച്ചപ്പെടുത്തുവാനും അവയ്ക്ക് നടപ്പാക്കാൻ കഴിയുന്ന പ്രോജക്ടുകളും പദ്ധതികളും സംബന്ധിച്ച ശുപാർശകൾ നൽകുവാനും ഒരു സമിതിയെ നിയമിക്കുകയും പ്രസ്തുത സമിതി സർക്കാരിൽ റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. അതനുസരിച്ച് വനിതാ സഹകരണ അപ്പെക്സ് ഫെഡറേഷൻ രൂപീകരിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

(ഡി) ശുപാർശകൾ പഠിച്ചതിന്ശേഷം താമസംവിനാ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

## വ്യാവസായിക വികസനത്തിൽ കേരളത്തിന്റെ സ്ഥാനം

798. ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ:
ശീ. യു.സി. രാമൻ:
ശ്രീ. സി.മോയിൻകുട്ടി: : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ;

(എ) കേരളത്തിലെയും ഇൻഡ്യയിലെ മറ്റ് സംസ്ഥാനങ്ങളിലെയും വ്യവസായിക വികസന താരതമ്യം ചെയ്ത് പഠനങ്ങൾ നടത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത പഠനങ്ങളുടെ റിപ്പോർട്ടുകളുടെ വിശദാംശം വ്യക്തമാക്കുമോ;

(സി) വ്യാവസായിക വികസനത്തിന്റെ കാര്യത്തിൽ ഇപ്പോൾ കേരളം ഇൻഡ്യൻ സംസ്ഥാനങ്ങളിൽ എത്രമാത് സ്ഥാനത്താണ് നിൽക്കുന്നതെന്ന് വ്യക്തമാക്കുമോ?

**ഉത്തരം**

**ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി):-**

(എ), (ബി) &(സി)

ഇതുസംബന്ധിച്ച് ആധികരികമായ പഠനങ്ങളൊന്നും നടത്തിയിട്ടുള്ളതായി അറിയില്ല. എന്നാൽ സെപ്തംബർ 2000-ൽ കോൺഫെഡറേഷൻ ഓഫ് ഇന്ത്യൻ ഇന്റസ്ട്രി(സി.ഐ.ഐ)യുടെ മേൽനോട്ടത്തിൽ നടത്തിയ പഠന റിപ്പോർട്ടിൽ വിവിധ മഖലകളിൽ കേരളത്തിന്റെ സ്ഥാനം കാണിക്കുന്ന സ്റ്റേറ്റ്മെന്റിന്റെ കോപ്പി അനുബന്ധം ഒന്നിൽ ചേർത്തിരിക്കുന്നു. കൂടാതെ 2002-ൽ സി.ഐ.ഐ.യുടെ ആഭിമുഖ്യത്തിൽ നടന്ന പഠന റിപ്പോർട്ടിൽ നിക്ഷേപ കാലാവസ്ഥ മോശമായ സംസ്ഥാനങ്ങളുടെ കൂട്ടത്തിൽ കേരളത്തേയും ഉൾപ്പെടുത്തിയിട്ടുണ്ട്.

## പ്രവർത്തനരഹിതമായി കിടക്കുന്ന പഞ്ചസാരമില്ലുകളുടെ പശ്ചാത്തല സൗകര്യങ്ങൾ പ്രയോജനപ്പെടുത്തി വിപുലമായ വ്യവസായങ്ങൾ ആരംഭിക്കാൻ നടപടി

799. ശ്രീ. കെ.കെ. ഷാജു: : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ;

(എ) പന്തളത്തെ പഞ്ചസാരമിൽ ഉൾപ്പെടെ സംസ്ഥാനത്ത് പ്രവർത്തന രഹിതമായി കിടക്കുന്ന പഞ്ചസാരമില്ലുകളുടെ പശ്ചാത്തല സൗകര്യങ്ങൾ പ്രയോജനപ്പെടുത്തി വിപുലമായ വ്യവസായങ്ങൾ ആരംഭിക്കുന്നതിനെക്കുറിച്ചുള്ള ഗവൺമെന്റ് നിലപാട് വ്യക്തമാക്കാമോ;

(ബി) ഇത് സംബന്ധമായി ഏതെങ്കിലും ഏജൻസി പഠനം നടത്തുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) സ്വകാര്യ മേഖലകളിലുൾപ്പെടെ ഈ പ്രദേശങ്ങളിൽ വ്യവസായങ്ങൾ ആരംഭിക്കുന്നതിന് ഗവൺമെന്റ് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ പോകുന്നതെന്ന് വ്യക്തമാക്കാമോ?

**ഉത്തരം**

**ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി):-**

(എ) യും (ബി)യും (സി)യും

പന്തളത്തെ പഞ്ചസാരമിൽ ഉൾപ്പെടെ സംസ്ഥാനത്തെ മൂന്ന് പഞ്ചസാര മില്ലുകളുടേയും പ്രവർത്തനത്തെപ്പറ്റി പഠിച്ച് പുനരുദ്ധാരണത്തിനാവശ്യമായ നിർദ്ദേശങ്ങൾ സമർപ്പിക്കാൻ എന്റർപ്രൈസസ് റിഫോംസ് കമ്മിറ്റി (ഇ.ആർ.സി) യോട് നിർദ്ദേശിച്ചിരിക്കുകയാണ്. പ്രസ്തുത കമ്മിറ്റിയുടെ റിപ്പോർട്ട് കിട്ടുന്നമുറയ്ക്ക് പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

**ദാരുശിൽപ്പ നിർമ്മാണത്തിന് പ്രോൽസാഹനം നൽകാൻ നടപടി**

800. ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ:
ശ്രീ. വി. ബലറാം:
ശ്രീ. എം. മുരളി:
ശ്രീ. എം.എ. ചന്ദ്രശേഖരൻ:
ശ്രീ.ടി.എൻ. പ്രതാപൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ;

(എ) കരകൗശല ഉൽപ്പന്നങ്ങളുടെ വിൽപ്പനയിലൂടെ പ്രതിവർഷം സംസ്ഥാനം എന്ത് തുക നേടുന്നുണ്ട്;

(ബി) കരകൗശല ഉൽപ്പന്നങ്ങളുടെ കയറ്റുമതിയിൽ നിന്നും പ്രതിവർഷം സംസ്ഥാനത്തിന് എന്ത് തുക കിട്ടുന്നു;

(സി) കേരളത്തിൽ നിന്നുള്ള ദാരുശിൽപങ്ങൾക്ക് നല്ല ഡിമാന്റ് അനുഭവപ്പെടുന്നുണ്ടോ;

(ഡി) കഥകളി രൂപങ്ങൾ, ചുണ്ടൻ വള്ളങ്ങൾ, ദേവീദേവൻമാരുടെ ബിംബ് എന്നിവ ആവശ്യാനുസരണം നൽകുവാൻ കഴിയുമോ;

(ഇ) ദാരുശിൽപ്പ നിർമ്മാണത്തിൽ പരിശീലനം നൽകാൻ എന്തെല്ലാം ഏർപ്പാടുകൾ നിലവിലുണ്ട്;

(എഫ്) കൂടുതൽപേരെ ഈ രംഗത്തേക്കാകർഷിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്ന് വിശദമാക്കാമോ?

**ഉത്തരം**

**ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി):-**

(എ) 2001-2002 വർഷത്തിൽ സുരഭി 261 ലക്ഷം രൂപക്കും കേരള കരകൗശല കോർപ്പറേഷൻ 2000-2001-ൽ 966.58 ലക്ഷം രൂപക്കുമുള്ള കരകൗശല ഉൽപന്നങ്ങൾ വിപണനം നടത്തുകയുണ്ടായി.

(ബി) 2001-2002 വർഷത്തിൽ സുരഭി 5 ലക്ഷം രൂപക്കും കരകൗശല കോർപ്പറേഷൻ 2000-2001 ൽ 38.27 ലക്ഷം രൂപക്കുമുള്ള കരകൗശല ഉൽപന്നങ്ങൾ കയറ്റുമതി നടത്തി.

(സി) ഉണ്ട്.

(ഡി) ഇല്ല.

(ഇ) സുരഭി-കേരളാ സ്റ്റേറ്റ് ഹാന്റി ക്രാഫ്റ്റ്സ് സൊസൈറ്റി ക്രാഫ്റ്റുകളുടെ വികസനത്തിനുവേണ്ടി ക്രാഫ്റ്റ് ഡെവലപ്മെന്റ് സെന്റർ സ്ഥാപിച്ചിട്ടുണ്ട്. തടി ഉപയോഗിച്ചുള്ള ക്രാഫ്റ്റുകൾ പുതിയ ഡിസൈനിൽ നിർമ്മിക്കുന്നതിന് ആവശ്യമായ ടൂൾസ്/മെഷീൻ സൗകര്യങ്ങൾ ക്രാഫ്റ്റ്സ്മാൻമാർക്ക് ലഭ്യമാണ്.

കേന്ദ്രസർക്കാരിന്റെ കീഴിലുള്ള ഡവലപ്മെന്റ് കമ്മീഷണറുടെ ഓഫീസ് മുഖാന്തിരം നടപ്പാക്കുന്ന പരിശീലന പദ്ധതികൾ നിലവിലുണ്ട്. കാർപ്പെറ്റ് നിർമ്മാണം ഒഴിച്ചുള്ള കരകൗശല നിർമ്മാണ പരിശീലനത്തിനായുള്ള പരിശീലന പദ്ധതി, അപ്രന്റീസ്

പരിശീലന പരിപാടി, പരിശീലകരെ പരിശീലിപ്പിക്കുന്ന ട്രെയിനിംഗ് പ്രോഗ്രാം, കരകൗശല സഹകരണ സംഘം മെമ്പർ എഡ്യൂക്കേഷൻ പരിപാടി എന്നിവയും നിലവിലുണ്ട്.

(എഫ്) യുവതലമുറയെ പ്രോൽസാഹിപ്പിക്കുന്നതിന് ക്രാഫ്റ്റ് മത്സരം, പുതിയ ഡിസൈനുകൾ, പുതിയ ഉൽപന്നങ്ങൾ ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് കുറഞ്ഞ സമയത്തിനുള്ളിൽ ഉൽപന്നങ്ങൾ നിർമ്മിക്കുക എന്നിവയ്ക്കുള്ള പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്. കരകൗശല തൊഴിലാളികൾക്ക് നേരിട്ടുതന്നെ യഥാർത്ഥ ഉപഭോക്താവിന് വിപണനം നടത്തുന്നതിനുള്ള കേരള ഹത്ത് എന്ന സ്ഥിരം വിപണന സംവിധാനം നടപ്പിലാക്കുവാനുള്ള പദ്ധതി പരിഗണനയിലുണ്ട്. വിപണനം വ്യപകമാക്കുന്നതിലൂടെ തൊഴിൽ അവസരങ്ങളും വരുമാനം വർദ്ധിപ്പിക്കാനായി കേരൾ ക്രാഫ്റ്റ് കോം എന്ന ഇ-കൊമേഴ്സ്, കെൽട്രോണുമായി സഹകരിച്ച് രൂപം നൽകി വരുന്നു. ഗുണ മേൻമകൂട്ടാനും, തദ്വാര വിപണന സാദ്ധ്യത വർദ്ധിപ്പിക്കാനുമായികോമൺ ഫെസിലിറ്റി സർവ്വീസ് സെന്റർ യന്ത്രങ്ങൾ പ്രവർത്തന ക്ഷമമാക്കി നവീകരിച്ചിട്ടുണ്ട്. അടിസ്ഥാനതലങ്ങളിൽ സ്ഥായിയായ സമഗ്രവികസനം സാദ്ധ്യമാക്കാനായി തൊഴിലാളികളുടെ പങ്കാളിത്തതോടെയുള്ള ശാക്തിക ഏകീകരണ പദ്ധതി ബാബാ സാഹബ് അംബേദ്കർ കരകൗശല വികസന പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ തെരെഞ്ഞെടുത്ത ക്ലസ്റ്ററുകളിൽ നടപ്പിലാക്കുന്നതാണ്.

## സംസ്ഥാനതല-ജില്ലാതല പ്രവർത്തനപരിധിയുള്ള സഹകരണ സംഘങ്ങൾ

801. പ്രൊഫസർ. എ.ഡി. മുസ്തഫ:
ശ്രീമതി. രാധാരാഘവൻ:
ശ്രീ. എ.പി. അനിൽകുമാർ:
ശ്രീ. ബി. വിജയകുമാർ:
ശ്രീ. കെ.സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ;

(എ) ഈ ഗവൺമെന്റ് നിലവിൽ വരുമ്പോൾ സംസ്ഥാനതല പ്രവർത്തന പരിധിക്കുള്ള ജില്ലാതല പ്രവർത്തന പരിധിയുള്ളതോ ആയ എത്ര സഹകരണ സംഘങ്ങളുണ്ടായിരുന്നു;

(ബി) ഈ ഗവൺമെന്റിന്റെ കാലത്ത് ഇത്തരത്തിലുള്ള സഹകരണ സംഘങ്ങൾ രൂപീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം;

(സി) ഇവയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്താണ്;

(ഡി) ഈ സംഘങ്ങൾക്ക് ഷെയർപാർട്ടിസിപ്പേഷൻ, ഗ്രാന്റ്, പ്രവർത്തനമൂലധനം എന്നീയിനത്തിൽ ഒട്ടാകെ എന്തു തുക കൊടുത്തിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

**ഉത്തരം**

**ശ്രീ. എം.വി. രാഘവൻ( സഹകരണ വകുപ്പു മന്ത്രി):-**

(എ) സംസ്ഥാനതല പ്രവർത്തനപരിധിയുള്ള 55 സഹകരണ സംഘങ്ങളും ജില്ലാതല പ്രവർത്തന പരിധിയുള്ള 279 സഹകരണ സ്ഥാപനങ്ങളും ഉണ്ടായിരുന്നു.

(ബി) ആന്റ് (സി) രൂപീകരിച്ചിട്ടുണ്ട്. വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

(ഡി) ഈ സംഘങ്ങൾക്ക് ഓഹരി പങ്കാളിത്തം, ഗ്രാന്റ് പ്രവർത്തന മൂലധനം എന്നീയിനങ്ങളിൽ ഒട്ടാകെ 22,19,000/- രൂപ (ഇരുപത്തിരണ്ടു ലക്ഷത്തി പത്തൊൻപതിനായിരം രൂപ) കൊടുത്തിട്ടുണ്ട്.

## സഹകരണ ജീവനക്കാരുടെ സ്വാശ്രയ പെൻഷൻ പദ്ധതി

802. ശ്രീ. ലൂഡി ലൂയീസ് :
ശ്രീ. ഡി. സുഗതൻ :
ശ്രീമതി മേഴ്സി രവി:
ശ്രീ. വി.ഡി. സതീശൻ :
ശ്രീ. സി.പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ജീവനക്കാരുടെ സ്വാശ്രയ പെൻഷൻ പദ്ധതി ആരംഭിച്ചതെന്നാണ് ;

(ബി) ഇതാരംഭിച്ചപ്പോൾ ഏതെല്ലാം വിഭാഗത്തിൽപ്പെട്ട ജീവനക്കാർക്കാണ് പെൻഷൻ ആനുകൂല്യം നൽകിയത് ;

(സി) മുൻഗവൺമെന്റിന്റെ കാലത്ത് ഈ പെൻഷൻ പദ്ധതിയുടെ ആനുകൂല്യം കൂടുതൽ പേർക്ക് ബാധകമാക്കിയോ; അക്കാലത്ത് പെൻഷൻതുക വർദ്ധിപ്പിച്ചുവോ ;

(ഡി) ഈ ഗവൺമെന്റ് പെൻഷൻ തുക വർദ്ധിപ്പിച്ചുവോ;

(ഇ) പുതിയവിഭാഗം പെൻഷൻകാരെ ഈ ഗവൺമെന്റ് ഈ പദ്ധതിയിൽപ്പെടുത്തുകയുണ്ടായോ ; എങ്കിൽ എന്നുമുതൽ പെൻഷനായവർക്ക് ഇതിന്റെ ആനുകൂല്യം കിട്ടും എന്ന് വ്യക്തമാക്കുമോ ;

(എഫ്) എല്ലാ സഹകരണ സംഘങ്ങളിലെയും ജീവനക്കാർക്ക് ഈ പെൻഷൻ പദ്ധതിയുടെ ആനുകൂല്യം നൽകുമോയെന്ന് വെളിപ്പെടുത്താമോ ?

**ഉത്തരം**

**ശ്രീ. ശ്രീ. എം.വി. രാഘവൻ (സഹകരണ വകുപ്പു മന്ത്രി):-**

(എ) 14-3-95-ലെ ജി.ഒ.(പി)44/95 നംപർ സർക്കാർ ഉത്തരവ് പ്രകാരം സ്വാശ്രയ പദ്ധതിക്ക് നിലവിൽ വന്നു. ഈ പദ്ധതിക്ക് 3.6.93 മുതൽ പ്രാബല്യം നൽകിയിട്ടുണ്ട്.

(ബി) സഹകരണസംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൽ വരുന്നതും എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് ആന്റ് മിസലേനിയസ് പ്രൊവിഷൻ ആക്ടിന്റെ പരിധിയിൽ വരാത്തതുമായ പ്രാഥമിക സഹകരണ സംഘങ്ങളിലെ ജീവനക്കാർക്കാണ് പെൻഷനാനുകൂല്യം നൽകിയത്.

(സി) 7..3..2001-ലെ ജി.ഒ.(പി)53/01/സഹ. ഉത്തരവ് പ്രകാരം, 1969ലെ സഹകരണ സംഘം നിയമപ്രകാരം രജിസ്റ്റർ ചെയ്ത എല്ലാ പ്രാഥമിക സഹകരണ സംഘങ്ങളിലേയും ജീവനക്കാർക്ക് ബാധകമാക്കിക്കൊണ്ട് ഉത്തരവാക്കിയിട്ടുണ്ട്. ടി ഉത്തരവ് പ്രകാരം കുറഞ്ഞ പെൻഷൻ 300-ൽ നിന്ന് 500 രൂപയായി ഉയർത്തിയിട്ടുണ്ട്.

(ഡി) ഇല്ല.

(ഇ) 5-7-2002ലെ 3/2002 നംപർ ആക്റ്റ് പ്രകാരം 1.1.74നും, 3-6-93നും മദ്ധ്യ പ്രാഥമിക സഹകരണ സംഘങ്ങളിലെ സർവ്വീസിൽ നിന്നും വിരമിച്ചവരും ജീവിച്ചിരിക്കുന്നവരുമായ എല്ലാ ജീവനക്കാർക്കും പെൻഷൻ നൽകുന്നതിന് ഉത്തരവായിട്ടുണ്ട്. ആക്ട് അനുസരിച്ചുള്ള കരട് ചട്ടങ്ങളുടെ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(എഫ്) 1969-ലെ കേരള സഹകരണ സംഘം നിയമപ്രകാരം രജിസ്റ്റർ ചെയ്ത എല്ലാ പ്രാഥമിക സഹകരണ സംഘങ്ങളിലേയും പെൻഷൻ പറ്റിയ ജീവനക്കാർക്ക് സ്വാശ്രയ പെൻഷൻ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതാണ്. എന്നാൽ എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് ആന്റ് മിസലേനിയസ് പ്രൊവിഷൻ ആക്ടിന്റെ പരിധിയിൽ വരുന്ന സംഘങ്ങളിലെ ജീവനക്കാർക്ക് ഇപ്പോൾ സ്വാശ്രയ പെൻഷൻ പദ്ധതി പ്രകാരമുള്ള ആനുകൂല്യം ലഭിക്കുന്നില്ല.

## കേരള ചുമട്ടുതൊഴിലാളി ക്ഷേമനിധി ബിൽ

803. ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ചുമട്ടുതൊഴിലാളി ക്ഷേമനിധിബിൽ എന്നാണ് കേരള നിയമസഭ പാസ്സാക്കിയത് എന്ന് വ്യക്തമാക്കുമോ ;

(ബി) ഇതനുസരിച്ചുള്ള നിയമം എന്നുമുതലാണ് സംസ്ഥാനത്ത് നടപ്പിലായത് ;

(സി) സംസ്ഥാനത്തെ മുഴുവൻ ചുമട്ടുതൊഴിലാളികളേയും നിയമത്തിന്റെ പരിധിയിൽ കൊണ്ടുവന്നിട്ടുണ്ടോ ; ഇല്ലെങ്കിൽ 16 വർഷമായിട്ടും മുഴുവൻ തൊഴിലാളികളെയും പദ്ധതിയുടെ കീഴിൽ കൊണ്ടുവരാൻ കഴിയാതിരുന്നത് എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ ;

(ഡി) ചുമട്ടുതൊഴിലാളി സ്കാറ്റേർഡ്, അറ്റാച്ച്ഡ് വിഭാഗക്ഷേമപദ്ധതി സംസ്ഥാനത്ത് എവിടെയെങ്കിലും നടപ്പിലാക്കിയിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദീകരിക്കാമോ ;

(ഇ) ഇതുമൂലം ഒരുവിഭാഗം തൊഴിലാളികൾക്ക് സർക്കാരിന്റെ നിയന്ത്രണങ്ങളോ അവകാശാനുകൂല്യങ്ങളോ ലഭിക്കുന്നില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എഫ്) സ്കാറ്റേർഡ്, അറ്റാച്ച്ഡ് വിഭാഗമടക്കമുള്ള മുഴുവൻ ചുമട്ടുതൊഴിലാളികളെയും ക്ഷേമപദ്ധതിയുടെ കീഴിൽ കൊണ്ടുവരുന്നതിന് അടിയന്തിരനടപടികൾ സ്വീകരിക്കുമോ ;

(ജി) ഇക്കാര്യത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദീകരിക്കാമോ ?

**ഉത്തരം**

**ശ്രീ. ബാബു ദിവാകരൻ (തൊഴിൽ വകുപ്പു മന്ത്രി):-**

(എ) 1978-ലെ കേരള ചുമട്ടുതൊഴിലാളി നിയമം 31-7-98ലാണ് കേരള നിയമസഭ പാസാക്കിയത്.

(ബി) ഇത് അനുസരിച്ചുള്ള നിയമം (1980–ലെ 20–മത് ആക്ട്) 20–5–1981 മുതൽ സംസ്ഥാനത്ത് ബാധികമാക്കിക്കൊണ്ട് എസ്.ആർ.ഒ 589/81 പ്രകാരം 19.5.1981–ലെ 385–ാം നമ്പർ അസാധരണ ഗസറ്റായി വിജ്ഞാപനം ചെയ്തു.

(സി) സംസ്ഥാനത്തെ മുഴുവൻ ചുമട്ടുതൊഴിലാളികളേയും നിയമത്തിന്റെ പരിധിയിൽ കൊണ്ടു വന്നിട്ടില്ല. 1978ലെ കേരള ചുമട്ടുതൊഴിലാളി നിയമത്തിലെ പതിമൂന്നാം വകുപ്പു പ്രകാരം രൂപീകരിക്കപ്പെട്ട 1983–ലെ കേരള ചുമട്ടുതൊഴിലാളി (തൊഴിൽ ക്രമീകരണവും ക്ഷേമവും) പദ്ധതി സംസ്ഥാനത്തിന്റെ വിവിധ പ്രദേശങ്ങളിലേക്ക് വ്യാപിപ്പിച്ച് നടപ്പിലാക്കി വരുന്നു. ഇതിൻപ്രകാരം തൊഴിലാളികളുടെ വേതനം സമാഹരിക്കുന്നതിനും ആനുകൂല്യം വിതരണം ചെയ്യുന്നതും വിവിധ ക്ഷേമ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതും നിയമത്തിലെ പതിനെട്ടാം വകുപ്പ് പ്രകാരം രൂപീകരിക്കുന്ന പ്രാദേശിക കമ്മിറ്റികളാണ്. പദ്ധതി പ്രദേശത്തിന്റ വിസ്തൃതി, തൊഴിലാളികളുടെ എണ്ണം, ഭരണപരമായ ചിലവ് തുടങ്ങിയ കാര്യങ്ങൾ കണക്കിലെടുത്ത് വ്യപാര സ്ഥാപനങ്ങൾ വ്യവസായ സ്ഥാപനങ്ങൾ, മാർക്കറ്റ്, ബസ്സ്റ്റാൻഡ്, റെയിൽവേ ഗുഡ് ഷെഡുകൾ എന്നിങ്ങനെ കയറ്റിറക്ക് ജോലികൾ നടക്കുന്ന പ്രദേശങ്ങളിൽ മാത്രമാണ് ഈ പദ്ധതി പ്രാവർത്തികമാക്കാൻ കഴിയുക. അതിനാൽ ഒരു തൊഴിലുടമയ്ക്കോ ഒരു തൊഴിൽ സ്ഥാപനത്തിനോ വേണ്ടി മാത്രം ജോലി ചെയ്യുന്ന തൊഴിലാളികൾക്കായി 1999–ലെ കേരള ചുമട്ടുതൊഴിലാളി (അറ്റാച്ച്ഡ് വിഭാഗം) ക്ഷേമപദ്ധതിയും വിവിധ പ്രദേശങ്ങളിൽ ഒറ്റപ്പെട്ട് കിടക്കുന്ന തൊഴിലാളികൾക്ക് വേണ്ടി 1999ലെ കേരള ചുമട്ടു തൊഴിലാളി (സ്കാറേറർഡ് വിഭാഗം) ക്ഷേമ പദ്ധതിയും നടപ്പിലാക്കി വരുന്നുണ്ട്.

(ഡി) മേൽ ക്ഷേമ പദ്ധതികൾ സംസ്ഥാനത്തിലുടനീളം ബാധകമാക്കിയിട്ടുണ്ട്. തൊഴിലാളികൾ അംഗങ്ങളായി ചേരുന്ന മുറയ്ക്ക് നടപ്പിലാക്കി കൊണ്ടിരിക്കുന്നു.

(ഇ) ഒരു വ്യക്തി ഗാർഹിക ആവശ്യത്തിനുവേണ്ടി ചുമതലപ്പെടുത്തിട്ടുള്ളവരൊഴികെ മുഴുവൻ ചുമട്ടുതൊഴിലാളികളും മേൽ പ്രസ്താവിച്ച മുന്ന് പദ്ധതികളിൽ ഏതെങ്കിലും ഒന്നിൽ അംഗമാകാൻ അർഹതയുണ്ട്.

(എഫ്) സ്കാറ്റേർഡ്, അറ്റാച്ച്ഡ് വിഭാഗം അടക്കമുള്ള മുഴുവൻ ചുമട്ടുതൊഴിലാളികളെയും ക്ഷേമനിധി പദ്ധതിയുടെ കീഴിൽ കൊണ്ടുവരുന്നതിന് നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്.

(ജി) മുഴുവൻ ചുമട്ടുതൊഴിലാളികളേയും ബോർഡിന്റെ കീഴിൽ കൊണ്ടുവരുന്നതിന് വേണ്ടി വ്യത്യസ്തങ്ങളായ മൂന്ന് ക്ഷേമപദ്ധതികൾ, ആവിഷ്കരിക്കുകയും അവ ഫലപ്രദമായി നടപ്പിലാക്കുന്നതിനുള്ള ശ്രമം നടത്തുകയും ചെയ്യുന്നുണ്ട്. പ്രാദേശിക കമ്മിറ്റിതലത്തിലും അതിനുള്ള പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടത്തുന്നുണ്ട്. വിവിധ പദ്ധതികളുടെ വ്യാപ്തിയും പ്രയോജനങ്ങളും പ്രതിപാദിക്കുന്ന ലഘുലേഖകൾ അച്ചടിച്ച് വിതരണം ചെയ്തിട്ടുണ്ട്. ട്രേഡ് യൂണിയൻ പ്രതിനിധികളേയും വ്യാപാര പ്രതിനിധികളേയും പങ്കെടുപ്പിച്ചുകൊണ്ടുള്ള വിശദീകരണ ക്യാമ്പുകൾ ബോർഡ് സംഘടിപ്പിച്ചിട്ടുണ്ട്.

## <u>ഓട്ടോറിക്ഷകളുടേയും ടാക്സികളുടേയും മിനിമം കൂലി</u>

804. ശ്രീ. പി. നാരായണൻ :
ശ്രീ. മാങ്കോട് രാധാകൃഷ്ണൻ :
ശ്രീ. പി.എസ്. സുപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഓട്ടോറിക്ഷകളുടേയും ടാക്സികളുടേയും മിനിമംകൂലി വർദ്ധിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ നിലവിലുള്ള നിരക്കും വർദ്ധിപ്പിക്കുവാനുദ്ദേശിക്കുന്ന നിരക്കും എത്രയാണെന്നു വെളിപ്പെടുത്തുമോ ;

(സി) ഈ നിരക്കുകൾ എന്നുമുതൽ പ്രാബല്യത്തിൽവരുമെന്ന് വ്യക്തമാക്കുമോ ?

**<u>ഉത്തരം</u>**

**ശ്രീ. കെ. ബി. ഗണേഷ്കുമാർ (ഗതാഗത വകുപ്പുമന്ത്രി) :-**

(എ), (ബി) & (സി) ഓട്ടോ റിക്ഷകളുടെയും ടാക്സികളുടെയും ചാർജു വർദ്ധിപ്പിക്കുന്ന കാര്യം ചർച്ച ചെയ്തു തീരുമാനമെടുത്തിട്ടുണ്ട്. വിജ്ഞാപനം പുറപ്പെടുവിച്ചിട്ടില്ല.

## ഐ.ടി. വ്യവസായങ്ങളുടെ വികസനം ത്വരിതപ്പെടുത്തുന്നതിന് നടപടി

805. ശ്രീ. സി. മമ്മൂട്ടി :
ശ്രീ. യു.സി. രാമൻ :
ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. ടി.പി.എം. സാഹിർ :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഐ. ടി. വ്യവസായങ്ങളുടെ വികസനം ത്വരിതപ്പെടുത്തുന്നതിനായി ഒരു പ്രത്യേക ഡിപ്പാർട്ട്മെന്റ് തുടങ്ങണമെന്ന ആവശ്യം പരിഗണനയിലുണ്ടോ ;

(ബി) ഇല്ലെങ്കിൽ പ്രത്യേക ഡിപ്പാർട്ട്മെന്റ് തുടങ്ങുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

**<u>ഉത്തരം</u>**

**ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി) :-**

(എ) ഈ ലക്ഷ്യത്തോടെയാണ് 1999-ൽ ഐ.ടി. വകുപ്പിന് രൂപം നൽകിയിട്ടുള്ളത്.

(ബി) ഉദിക്കുന്നില്ല.

## സംസ്ഥാന സഹകരണ ബാങ്കിൽ 'ഇന്റർനെറ്റ് ബാങ്കിംഗ്, ടെലി ബാങ്കിംഗ്, 24 അവർ ബാങ്കിംഗ്' എന്നിവ ആരംഭിക്കാൻ നടപടി

806. ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. മാമ്മൻ മത്തായി :
ശ്രീ. സ്റ്റീഫൻ ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സഹകരണ ബാങ്കിൽ 'ഇന്റർനെറ്റ് ബാങ്കിംഗ്, ടെലി ബാങ്കിംഗ്, 24 അവർ ബാങ്കിംഗ് ' എന്നിവ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

**<u>ഉത്തരം</u>**

**ശ്രീ. എം. വി. രാഘവൻ (സഹകരണ വകുപ്പുമന്ത്രി) :-**

(എ) ഇക്കാര്യത്തിൽ ഇതുവരെ തീരുമാനമൊന്നുമെടുത്തിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

## സഹകരണ സ്ഥാപനങ്ങളിലെ പിഴപ്പലിശ സമ്പ്രദായം നിർത്തലാക്കാൻ നടപടി

807. ശ്രീമതി മേഴ്സി രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ വിവിധ സഹകരണ സ്ഥാപനങ്ങളിൽ വ്യത്യസ്ഥ പലിശനിരക്ക് നിലവിലുണ്ടായിരുന്നുവോ ;

(ബി) പ്രസ്തുത പലിശ നിരക്കുകളെ ഏകീകരിക്കുവാൻ ഗവൺമെന്റിനു കഴിഞ്ഞിട്ടുണ്ടോ ;

(സി) എങ്കിൽ ഏകീകരിച്ച രീതിയിലുള്ള പലിശയുടേയും പിഴപലിശയുടേയും നിരക്കെത്രയാണ് ;

(ഡി) പിഴപ്പലിശ സമ്പ്രദായം നിർത്തലാക്കുന്ന കാര്യം പരിഗണിക്കുമോ ;

(ഇ) സഹകരണ സംഘങ്ങളിൽ കൂട്ടുപലിശ സമ്പ്രദായം നിലവിൽ ഉണ്ടോ എന്ന് വെളിപ്പെടുത്തുമോ ?

**<u>ഉത്തരം</u>**

**ശ്രീ. എം. വി. രാഘവൻ (സഹകരണ വകുപ്പുമന്ത്രി) :-**

(എ) ഉണ്ടായിരുന്നു.

(ബി) പലിശനിരക്ക് ഏകീകരിച്ചു നിശ്ചയിക്കുന്നതിനുള്ള സംവിധാനം നിലവിലുണ്ട്.

(സി) നിലവിലുള്ള പലിശനിരക്കുകളും പിഴപ്പലിശ നിരക്കുകളും താഴെപ്പറയുന്ന പ്രകാരമാണ്.

| വായ്പ | കാർഷികം | കാർഷികേതരം |
|---|---|---|
| | നിരക്ക് ശതമാനത്തിൽ | |
| 50,000 രൂപ വരെയുള്ള വായ്പ | 12 | 13 |
| 50,000 രൂപയ്ക്ക് മുകളിൽ 2 ലക്ഷം രൂപ വരെ | 14 | 14 |
| 2 ലക്ഷം രൂപയ്ക്ക് മുകളിൽ | 14 | 15 |

സഹകരണ സ്ഥാപനങ്ങൾ ഈടാക്കുന്ന പിഴപ്പലിശയുടെ നിരക്ക് 2% ആണ്. 15-07-02 ലെ സെൻട്രൽ ബാങ്ക് കോൺഫറൻസിൽ ഓരോ സ്ളാബിലും 1/2 ശതമാനം വീതം പലിശ കുറയ്ക്കാൻ തീരുമാനിച്ചിട്ടുണ്ട്.

(ഡി) ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല.

(ഇ) വായ്പകൾക്ക് കൂട്ടുപലിശ ഈടാക്കുന്ന സംപ്രദായം സഹകരണ സംഘങ്ങളിൽ നിലവിലില്ല.

## <u>സഹകരണ സംഘങ്ങളിൽനിന്ന് വായ്പയെടുക്കുന്നതിനുള്ള ഓഹരി വായ്പാ അനുപാതം</u>

808. ശ്രീ. ഡി. സുഗതൻ :

ശ്രീ. ലൂഡി ലൂയീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വരുന്നതിനുമുമ്പ് സഹകരണ സംഘങ്ങളിൽനിന്ന് വായ്പയെടുക്കുന്നതിനുള്ള ഓഹരി വായ്പാ അനുപാതം എത്രയായിരുന്നു ;

(ബി) ഈ ഗവൺമെന്റ് ഈ അനുപാതത്തിൽ എന്തെങ്കിലും മാറ്റം വരുത്തിയോ ;

(സി) എങ്കിൽ വിദാംശം നൽകുമോ ;

(ഡി) ഈ മാറ്റം വായ്പയെടുക്കുന്നവർക്ക് എന്തെല്ലാം പ്രയോജനം ഉണ്ടാക്കി എന്നു വ്യക്തമാക്കുമോ ?

**<u>ഉത്തരം</u>**

**ശ്രീ. എം. വി. രാഘവൻ (സഹകരണ വകുപ്പുമന്ത്രി) :-**

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വരുന്നതിനുമുൻപ് സഹകരണ സംഘങ്ങളിൽ നിന്നും നൽകുന്ന ഹ്രസ്വകാല മദ്ധ്യകാല കാർഷിക വായ്പകൾക്ക് 1:20 ഉം സ്വർണ്ണ പണയ വായ്പ ഒഴികെയുള്ള മറ്റ് വിവിധയിനം വായ്പകൾക്ക് വായ്പ തുകയുടെ ഒരു ശതമാനവുമാണ് ഓഹരി വായ്പാ അനുപാതമായി നിശ്ചയിച്ചിരിന്നത്.

(ബി) മാറ്റം വരുത്തിയിട്ടുണ്ട്.

(സി) സഹകരണസംഘം രജിസ്ട്രാറുടെ 2-4-2002-ലെ 11/2002-ാം നംപർ സർക്കൂലർ പ്രകാരം ജില്ലാ സഹകരണ ബാങ്കിൽ നിന്നും പ്രാഥമിക വായ്പാ സഹകരണ സംഘങ്ങളെടുക്കുന്ന വായ്പകൾക്കും പ്രാഥമിക വായ്പാ സഹകരണ സംഘങ്ങളിൽ നിന്നും അംഗങ്ങൾക്ക് നൽകുന്ന വായ്പകൾക്കും ഉള്ള ഓഹരി അനുപാതം ഏകീകരിക്കുകയും സ്വർണ്ണപണയ വായ്പ ഒഴികെ മറ്റ് എല്ലാത്തരം കാർഷിക കാർഷികേതര വായ്പകൾക്കും ഓഹരി വായ്പാ അനുപാതം വായ്പാ തുകയുടെ ഒരു ശതമാനമായി നിജപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

(ഡി) ജില്ലാ സഹകരണ ബാങ്കിൽ നിന്നും പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾക്കും പ്രാഥമിക വായ്പാ സഹകരണ സംഘങ്ങളിൽ നിന്നും അംഗങ്ങൾക്ക് വായ്പാ നൽകുന്നതിനുമുള്ള ഓഹരി വായ്പാ അനുപാതം ഏകീകരിച്ചതുമൂലം വായ്പാ പ്രവർത്തനങ്ങൾ കൂടുതൽ സുഗമമാക്കുന്നതിനും കാർഷിക വായ്പയുടെ ഓഹരി അനുപാതത്തിൽ കുറവ് വരുത്തിയതു കാരണം കർഷകർക്ക് കൂടുതൽ ആശ്വാസം നൽകുന്നതിനും കഴിഞ്ഞിട്ടുണ്ട്.

## സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ പ്രവർത്തനം വിലയിരുത്തുന്നതിനുള്ള സംവിധാനം

809. ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമൂഹ്യക്ഷേമവകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ പ്രവർത്തനം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ;

(ബി) സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ സർക്കാർ ഗ്രാന്റോടുകൂടി പ്രവർത്തിക്കുന്ന ഏതെല്ലാം വിഭാഗത്തിലുള്ള സ്ഥാപനങ്ങളുണ്ട് ; വിശദാംശം വെളിപ്പെടുത്തുമോ ;

(സി) ഇത്തരം സ്ഥാപനങ്ങളുടെ പ്രവർത്തനം പരിശോധിക്കുന്നതിനും ഇവർ സർക്കാരിന് നൽകുന്ന റിപ്പോർട്ടുകൾ സത്യസന്ധമാണോ എന്ന് വിലയിരുത്തുന്നതിനും നിലവിലുള്ള സംവിധാനങ്ങളെന്തെല്ലാം ;

(ഡി) സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളുടെ പ്രവർത്തനം വിലയിരുത്തുന്നതിന് മുൻസർക്കാർ ഏതെങ്കിലും കമ്മിറ്റിയെ നിയോഗിച്ചിരുന്നുവോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(ഇ) ഈ കമ്മിറ്റി റിപ്പോർട്ടുകൾ സമർപ്പിക്കുകയുണ്ടായോ; എങ്കിൽ അതിൻമേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ?

**ഉത്തരം**

**ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി) :-**

(എ) ഉണ്ട്.

(ബി) അന്തേവാസികൾക്ക് പ്രതിമാസം 100 രൂപ വീതം ഗ്രാന്റു നൽകുന്ന താഴെ പറയുന്ന സ്ഥാപനങ്ങൾ സാമൂഹ്യക്ഷേമ വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്നു.

1. ഓർഫനേജുകൾ - 465
2. വൃദ്ധസദനങ്ങൾ - 82
3. യാചകമന്ദിരങ്ങൾ - 3
4. ഫൗണ്ടലിംഗ് ഹോമുകൾ - 5

(സി) ഓർഫനേജുകൾക്ക് അംഗീകാരം നൽകുന്നതിന് മുൻപും, അംഗീകാരം പുതുക്കി നൽകുന്നതിന് മുൻപും ഓർഫനേജ് കൺട്രോൾ ബോർഡ് അംഗം സ്ഥാപനം സന്ദർശിച്ച് സ്ഥാപനത്തിന്റെ നടത്തിപ്പിനെ പറ്റി പരിശോധന നടത്തിയതിനുശേഷം മാത്രമേ അംഗീകാരം നൽകാറുള്ളു. വൃദ്ധമന്ദിരങ്ങൾ, യാചക മന്ദിരങ്ങൾ, ഫൗണ്ടലിംഗ് ഹോമുകൾ എന്നീ സ്ഥാപനങ്ങളിലെ പ്രവർത്തനങ്ങളെയും മറ്റും സംബന്ധിച്ച് സാമൂഹ്യക്ഷേമ ഡയറക്ടറേറ്റിലെ ഉദ്യോഗസ്ഥർ പരിശോധന നടത്തി പ്രവർത്തനം വിലയിരുത്താറുണ്ട്.

(ഡി) ഇല്ല.

(ഇ) ബാധകമല്ല.

****************